**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1684** **04-02-2026 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികളിലെ കീടനാശിനി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിപണിയിൽ വിൽപന നടത്തുന്ന പച്ചക്കറികളിൽ അനുവദനീയമായ പരിധിക്ക് മുകളിൽ കീടനാശിനിയുടെ അംശം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ജനുവരി 2025 മുതൽ ഡിസംബർ 2025 വരെ ശേഖരിച്ച 557 പച്ചക്കറി സാമ്പിളുകളിൽ 41 എണ്ണത്തിൽ (7.36%) എഫ്.എസ്.എസ്.എ.ഐ / കോഡക്സ് (FSSAI/CODEX) നിശ്ചയിച്ചിരിക്കുന്ന അനുവദനീയ പരിധിയ്ക്ക് മുകളിലായി കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ജൈവ പച്ചക്കറികൾ എന്ന ലേബലിൽ വിപണനം നടത്തുന്ന പച്ചക്കറികളിലും കീടനാശിനിയുടെ അംശം ഉള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | കേരള കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള നാല് കീടനാശിനി അവശിഷ്ട പരിശോധനാ ലാബുകളിൽ പച്ചക്കറിയിൽ അടങ്ങിയിരിക്കുന്ന വിഷാംശം പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിച്ച് നൽകുന്ന സാമ്പിളുകളിൽ പരിശോധന നടത്തി പരിശോധനാ ഫലം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നുണ്ട്. 2020-നും 2025-നും ഇടയ്ക്ക് 42 ബോധവൽക്കരണ ക്ലാസുകൾ 8 ജില്ലകളിലായി നടത്തപ്പെട്ടു. ആകാശവാണിയിൽ ഉത്തമ കാർഷിക പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിനും സുരക്ഷിത കീടനാശിനി പ്രയോഗം പ്രചരിപ്പിക്കുന്നതിനുമായി കാർഷിക സർവകലാശാല നാലു പരിപാടികൾ സംപ്രേക്ഷണം ചെയ്തു. ദൂരദർശൻ വഴി രണ്ടു പരിപാടികളും സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ